MONDAY 20-02-2023 തിങ്കളാഴ്ച

# FIB FARM NEWS

## എഫ്. ഐ. ബി. കാർഷിക വാർത്തകൾ

## FARM INFORMATION BUREAU

Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA

Chief Editor : PADMAM S. Editor : Dr. BINU HARRIET IVAN

Farm Information Bureau, Kowdiar, Thiruvananthapuram -695003
Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com
Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
FARM INFORMATION BUREAU
Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)–20/02/2023.

1. സംസ്ഥാന കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ വൈഗ അന്താരാഷ്ട്ര ശില്പശാല ഫെബ്രുവരി 25 മുതൽ മാർച്ച് 2 വരെ സംഘടിപ്പിക്കുന്നു. കാർഷിക സംരംഭകർക്ക് വിശദമായ പ്രോജക്ടുകൾ തയ്യാറാക്കി നൽകുന്ന ഡിപിആർ ക്ലിനിക്ക്, കാർഷിക മേഖലയിലെ പ്രശ്നങ്ങൾക്ക് നവീനവും ശാസ്ത്രീയവുമായ സാങ്കേതിക വിദ്യകൾ വികസിപ്പിക്കുന്നതിനുള്ള അഗ്രി ഹാക്കത്തോൺ, ഉത്പാദകരെയും സംരംഭകരെയും തമ്മിൽ ബന്ധിപ്പിക്കുന്ന ബി ടു ബി മീറ്റ്, എക്സിബിഷനുകൾ, കാർഷിക സെമിനാറുകൾ തുടങ്ങിയവ വൈഗയോടനുബന്ധിച്ച് സംഘടിപ്പിക്കുന്നതാണ്. പരിപാടിയിൽ പങ്കെടുക്കുന്നതിന് വേണ്ടി www.vaigakerala.com എന്ന വെബ്സൈറ്റ് വഴി രജിസ്റ്റർ ചെയ്യേണ്ടതാണ്. രജിസ്ട്രേഷൻ സൗജന്യമാണ്.

2. കേരള കാർഷിക സർവകലാശാല നടത്തിവരുന്ന ഓർഗാനിക് അഗ്രികൾച്ചർ, അഗ്രികൾച്ചറൽ സയൻസ് എന്നീ ദ്വി വത്സര ഡിപ്ലോമ കോഴ്സുകളുടെ 2022- 23 അധ്യയന വർഷത്തെ ഒഴിവ് വന്ന സീറ്റുകളിലേക്കുള്ള സ്പോട്ട് അഡ്മിഷൻ 25.02.2023 തീയതിയിൽ രാവിലെ 10.15 ന് സർവകലാശാലയുടെ പഴയ ആസ്ഥാന മന്ദിരത്തിൽ വച്ച് നടത്തപ്പെടുന്നതാണ്. 2022- 23 ഡിപ്ലോമ പ്രവേശന പരീക്ഷ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട മുഴുവൻ വിദ്യാർത്ഥികൾക്കും പ്രസ്തുത സ്പോട്ട് അഡ്മിഷനിൽ പങ്കെടുക്കാവുന്നതാണ്. പ്രവേശന പരീക്ഷ റാങ്ക് ലിസ്റ്റിനും വിശദവിവരങ്ങൾക്കും www.admissions.kau.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

## പരിശീലന പരിപാടി

3. വെറ്ററിനറി ആൻഡ് ആനിമൽ സയൻസസ് സർവ്വകലാശാലയ്ക്ക് കീഴിൽ പ്രവർത്തിക്കുന്ന പൂക്കോട് (വയനാട്) മൃഗചികിത്സാപഠന കേന്ദ്രത്തിൽ വെറ്ററിനറി നഴ്സിംഗ്, ഫാർമസി, ലബോറട്ടറി സാങ്കേതിക വിദ്യയിൽ 6 മാസത്തെ പരിശീലനത്തിന് അപേക്ഷ ക്ഷണിച്ചു. മൃഗസംരക്ഷണം/ ക്ഷീരവികസനം/ പൗൾട്രി സയൻസസ് എന്നിവയിൽ ഏതിലെങ്കിലും വൊക്കേഷണൽ ഹയർ സെക്കണ്ടറി കോഴ്സ് പാസായവർക്ക് മാത്രം അപേക്ഷിക്കാം. വെറ്ററിനറി സർവ്വകലാശാലയുടെ വിവിധ ഡിപ്ലോമ

കോഴ്സുകൾ പാസ്സായവർക്ക് മുൻഗണന. പ്രായപരിധി 25വയസ്സ്. പ്രതിമാസ സ്റ്റൈപ്പന്റ് 6000 രൂപ. താല്പര്യമുള്ളവർ യോഗ്യത, പ്രായം, ജാതി, തൊഴിൽ പരിചയം എന്നിവ തെളിയിക്കുന്ന അസ്സൽ സർട്ടിഫികറ്റുകൾ, ബയോഡാറ്റ സഹിതം 24-02-2023 തീയതി രാവിലെ 9.30 ന് പൂക്കോട് (വയനാട്) മൃഗചികിത്സാപഠന കേന്ദ്രത്തിൽ വെച്ച് നടത്തുന്ന എഴുത്ത്പരീക്ഷക്കും, വക്ക് ഇൻ ഇന്റർവ്യൂവിനും നേരിട്ട് ഹാജരാകേണ്ടതാണ്. കൂടുതൽവിവരങ്ങൾ 8547144462, 9387387023, 9447153448 എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

4. പൂന്തോട്ട സംരക്ഷകൻ (ഗാർഡൻ കീപ്പർ) എന്ന കൃഷിപാടവത്തിൽ സജ്ജരാക്കുന്നതിനുള്ള നൈപുണ്യ വികസന പരിശീലനം പട്ടാമ്പിയിൽ സ്ഥിതിചെയ്യുന്ന പാലക്കാട് കൃഷിവിജ്ഞാന കേന്ദ്രത്തിൽ ഉടൻ ആരംഭിക്കുന്നു. ഭാരത സർക്കാറിന്റെ നൈപുണ്യ വികസന പദ്ധതിയുടെ കീഴിൽ സംഘടിപ്പിക്കുന്ന 26 ദിവസം ദൈർഘ്യമുള്ള പരിശീലനം പൂർത്തിയാക്കുന്നവർക്ക് കേന്ദ്ര ഏജൻസി അംഗീകൃത സർട്ടിഫിക്കറ്റും പരിശീലനത്തിനുള്ള അനുബന്ധ സഹായങ്ങളും നൽകുന്നതായിരിക്കും. നഴ്സറി മാനേജ്മെന്റും ഗാർഡനിങ്ങ് ഘടകങ്ങളും, വിവിധതരം ബഡ്ഡിങ്ങ് ഗ്രാഫ്റ്റിങ്ങ് പ്രവർധന മാർഗ്ഗങ്ങൾ, മാതൃവൃക്ഷ സംരക്ഷണവും പരിപാലനവും, വിവിധതരം ലാന്റ് സ്കെയിപ്പിങ്ങ്, ലംബകൃഷി (വെർട്ടിക്കൽ ഗാർഡനിങ്ങ്), സൂക്ഷ്മ ജലസേചനം, ഹൈഡ്രോപോണിക്സ്. വളർത്തു മൃഗ സംരക്ഷണം, വ്യക്തിത്വ വികസനം തുടങ്ങിയ വിഷയങ്ങൾ പ്രായോഗിക പരിശീലനത്തിന് ഊന്നൽ നൽകി പ്രോഗ്രാമിൽ വിശദമായി പ്രതിപാതിക്കുന്നതാണ്. പാലക്കാട് ജില്ലയിൽ താമസിക്കുന്ന താത്പര്യമുള്ള യുവതി യുവാക്കളിൽ നിന്ന് അപേക്ഷകൾ ക്ഷണിച്ചുകൊള്ളുന്നു. അപേക്ഷകർ 18 നും 45നും മദ്ധ്യേ പ്രായമുള്ളവരും പത്താം ക്ലാസ് യോഗ്യതയുള്ളവരും ആയിരിക്കണം. രജിസ്റ്റർ ചെയ്യുന്നവരിൽ നിന്ന് പരിശീലനത്തിനുള്ള അഭിരുചിയും, കായികക്ഷമതയും ഇതിനായി നടത്തുന്ന പരിശോധനയിൽ ബോധ്യപ്പെടുന്ന 25 പേർക്കാണ് പരിശീലനം നൽകുക. അപേക്ഷകൾ ഫെബ്രുവരി 25 നകം നേരിട്ടോ, തപാൽ മുഖേനയോ, kvkpalakkad@kau.in എന്ന ഈ മെയിൽ മുഖാന്തിരമോ, 6282937809 എന്ന വാട്സ്ആപ്പ് മുഖേനയോ പ്രോഗ്രാം കോർഡിനേറ്റർ കൃഷി വിജ്ഞാനകേന്ദ്രം പാലക്കാട് ,മേലെ പട്ടാമ്പി (പി), പാലക്കാട്, 79306 എന്ന വിലാസത്തിലോ അയക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് 0466-2212279, 2912008, 6282937809 എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

5. റബ്ബർബോർഡിന്റെ കീഴിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എൻ.ഐ.ആർ.റ്റി.)-ന്റെയും റബ്ബറുത്പാദകസംഘങ്ങളുടെയും സംയുക്താഭിമുഖ്യത്തിൽ നടത്തിവരുന്ന, ഒരുവർഷക്കാലം നീണ്ടുനിൽക്കുന്ന തേനീച്ച പരിപാലന സർട്ടിഫിക്കറ്റ് കോഴ്സ് ഈ വർഷം മെയ് മാസം മുതൽ തുടരുന്നതാണ്. തേനീച്ച വളർത്തലിന്റെ വിവിധഘട്ടങ്ങളിലെ കാലാനുസൃതമായ പരിപാലനമുറകളും പ്രായോഗിക പരിശീലനവും ഉൾപെടുന്നതാണ്. രണ്ടാഴ്ചയിൽ ഒരു ദിവസം എന്ന കണക്കിൽ നടത്തുന്ന ഒരുവർഷം നീണ്ടുനിൽക്കുന്ന ഈ പരിശീലനപരിപാടി. തേനീച്ചവളർത്തൽ പരിശീലകരായി ജോലി നേടുന്നതിനും റബ്ബർതോട്ടങ്ങളിൽ തേനീച്ചകളെ വളർത്തി അധിക വരുമാനമുണ്ടാക്കുന്നതിനും ഈ കോഴ്സിലൂടെ ലഭിക്കുന്ന പ്രായോഗിക പരിചയം സഹായിക്കും. താൽപര്യമുള്ളവർക്ക് വിശദവിവരങ്ങൾക്കായി അതതു പ്രദേശത്തെ റബ്ബർബോർഡ് ഓഫീസിലോ 04812353127, 7306464582 എന്നീ ഫോൺ നമ്പരുകളിലോ, training@rubberboard.org.in എന്ന ഇ മെയിലിലോ ബന്ധപ്പെടാവുന്നതാണ്.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം